# 6. മനുഷ്യറൊബോട്ട് വ്യവസ്ഥ

മനുഷ്യോൽപത്തി കുറിച്ചുകൊണ്ട് ആദമിനെ പ്രത്യേക പ്രക്രിയയിലൂടെ ദേവലോകത്ത് സൃഷ്ടിച്ചത് സ്രഷ്ടാവ് വെളിപ്പെടുത്തുന്നത് ഇങ്ങനെയാണ്. നിർജ്ജീവവസ്തുവായ കളിമണ്ണ് കൊണ്ടുള്ള മനുഷ്യ പ്രതിമയിൽ 'റൂഹ്' (ബയോസ്ഫ്റ്റ്‌വെയർ) ഊതിയപ്പോൾ (install) ജീവനുള്ള മനുഷ്യനായി അത് രൂപാന്തരപ്പെട്ടുവെന്നാണ് (ഖു. 15:28–29). അതായത് ഒരു കമ്പ്യൂട്ടറിൽ സോഫ്റ്റ്‌വെയർ സ്ഥാപിക്കുമ്പോൾ അതിനു 'ജീവൻ' വരുന്നതുപോലെ.

وَإِذْ قَالَ رَبُّكَ لِلْمَلَائِكَةِ إِنِّي خَالِقٌ بَشَرًا مِنْ صَلْصَالٍ مِنْ حَمَإٍ مَسْنُونٍ فَإِذَا سَوَّيْتُهُ وَنَفَخْتُ فِيهِ مِنْ رُوحِي فَقَعُوا لَهُ سَاجِدِينَ

15:28–29 നിന്റെ രക്ഷിതാവ് മലക്കുകളോട് ഇപ്രകാരം പറഞ്ഞ സന്ദർഭം ശ്രദ്ധേയമാകുന്നു: കറുത്ത ചെളി പാകപ്പെടുത്തിയുണ്ടാക്കിയ മുഴക്കമുണ്ടാക്കുന്ന കളിമൺ രൂപത്തിൽ നിന്ന് ഞാൻ ഒരു മനുഷ്യനെ (ആദമിനെ) സൃഷ്ടിക്കാൻ പോകുകയാണ്. അങ്ങനെ ഞാൻ അവനെ ശരിയായ രൂപത്തിലാക്കുകയും, എന്റെ ആത്മാവിൽ നിന്ന് അവനിൽ ഞാൻ ഊതുകയും ചെയ്താൽ, അപ്പോൾ അവന് പ്രണമിക്കുന്നവരായിക്കൊണ്ട് നിങ്ങൾ വീഴുവിൻ.

മനുഷ്യ പ്രതിമയിൽ ഊതപ്പെട്ട റൂഹിനെ (ബയോസ്ഫ്റ്റ്‌വെയർ) നഫ്സ് എന്നും ഖുർആനിൽ വിളിക്കുന്നുണ്ട് (ഖു. 4:1). ഈ റൂഹാണ് ആദമിന്റെ നഫ്സ് (ബയോസ്ഫ്റ്റ്‌വെയർ). ആദമിന്റെ നഫ്സിൽ (ബയോസ്ഫ്റ്റ്‌വെയർ) നിന്നാണ് ആദ്യത്തെ സ്ത്രീ (ഹവ്വാ) യെയും പിന്നീട് അവരിൽ നിന്നും മനുഷ്യ സമൂഹത്തെ മുഴുവനും അല്ലാഹു സൃഷ്ടിക്കുന്നത് (ഖു. 4:1). അതായത് ആദമിന്റെ നഫ്സാണ് മനുഷ്യസ്പീഷിസിന്റെ (*Homo sapiens*) ജൈവവിവരത്തിന്റെ (biological information) സ്രോതസ്സ് എന്ന് മനസ്സിലാക്കാം.

يَا أَيُّهَا النَّاسُ اتَّقُوا رَبَّكُمُ الَّذِي خَلَقَكُمْ مِنْ نَفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالًا كَثِيرًا وَنِسَاءً ۚ وَاتَّقُوا اللَّهَ الَّذِي تَسَاءَلُونَ بِهِ وَالْأَرْحَامَ ۚ إِنَّ اللَّهَ كَانَ عَلَيْكُمْ رَقِيبًا

4:1 മനുഷ്യരേ, നിങ്ങളെ ഒരേ ആത്മാവിൽ നിന്ന് സൃഷ്ടിക്കുകയും, അതിൽ നിന്നുതന്നെ അതിന്റെ ഇണയെയും സൃഷ്ടിക്കുകയും, അവർ ഇരുവരിൽ നിന്നുമായി ധാരാളം പുരുഷൻമാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്തവനായ നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുവിൻ. ഏതൊരു അല്ലാഹുവിന്റെ പേരിൽ നിങ്ങൾ അന്യോന്യം ചോദിച്ചു കൊണ്ടിരിക്കുന്നുവോ അവനെ നിങ്ങൾ സൂക്ഷിക്കുക. കുടുംബബന്ധങ്ങളെയും (നിങ്ങൾ സൂക്ഷിക്കുക). തീർച്ചയായും അല്ലാഹു നിങ്ങളെ നിരീക്ഷിച്ചു കൊണ്ടിരിക്കുന്നവനാകുന്നു.

ജീവശാസ്ത്രം നൽകുന്ന മനുഷ്യന്റെ ലിംഗനിർണ്ണയ വിശദീകരണം ഈ വെളിപ്പെടുത്തലിനോട് പൂർണ്ണമായും യോജിക്കുന്നതാണ്. മനുഷ്യന്റെ ശരീരകോശത്തിൽ (2n) 23 ജോഡി ക്രോമൊസോമുകളുള്ളതിൽ 22 ജോഡികൾ ഓട്ടോസോമുകളും (autosomes) ഒരു ജോഡി ലിംഗ (sex) ക്രോമൊസോമുകളുമാണ്. ഈ ക്രോമൊസോമുകളിലാണ് മനുഷ്യ ബയോസിസ്റ്റത്തിന്റെ ഘടനയുടെയും, വികാസത്തിന്റെയും പ്രവർത്തനത്തിന്റെയുമെല്ലാം ജൈവ പ്രോഗ്രാം അടങ്ങിയിരിക്കുന്നത്. ലിംഗനിർണ്ണയ വിവരം വഹിക്കുന്ന ക്രോമൊസോമുകൾ അറിയപ്പെടുന്നത് X, Y എന്നീ നാമങ്ങളിലാണ്. സ്ത്രീയുടെ ലിംഗ (sex) ക്രോമൊസോമുകൾ രണ്ട് X ക്രോമൊസോമുകളാണ്; പുരുഷന്റേത് ഒരു X ക്രോമൊസോമും ഒരു Y ക്രോമൊസോമുമാണ്. അതായത് XX ചേരുവ സ്ത്രീത്വത്തെയും, XY ചേരുവ പുരുഷത്വത്തെയും തീരുമാനിക്കുന്നു. ബീജകോശത്തിൽ (n) 23 ക്രോമൊസോമുകളാണുള്ളത്. അതായത് 22 ഓട്ടോസോമുകളും ഒരു ലിംഗ ക്രോമൊസോമും. പുരുഷ ബീജകോശത്തിൽ X അല്ലെങ്കിൽ Y ക്രോമൊസോമായിരിക്കും ലിംഗ ക്രോമൊസോം. സ്ത്രീ ബീജകോശ (അണ്ഡം) ങ്ങളിലെല്ലാം ലിംഗ ക്രോമൊസോം X ക്രോമൊസോമായിരിക്കും. ശരീരകോശത്തിൽ നിന്നാണ് ബീജകോശമുണ്ടാകുന്നത്. അതു കാരണം, ശരീരകോശത്തിലെ ലിംഗ ക്രോമൊസോമുകൾക്കു മാത്രമെ ബീജകോശത്തിൽ സാന്നിധ്യമുണ്ടാകയുള്ളു. സ്ത്രീപുരുഷ ലൈംഗികബന്ധ ഫലമായി X ലിംഗ ക്രോമൊസോമുള്ള പുരുഷ ബീജമാണ്

സ്ത്രീയുടെ അണ്ഡവുമായി ചേരുന്നതെങ്കിൽ XX ലിംഗ ക്രോമൊസോം ചേരുവയുള്ള സിക്താണ്ഡമായിരിക്കും (zygote) ഉണ്ടാകുക. അതിൽ നിന്ന് ജനിക്കുന്ന കുഞ്ഞ് പെണ്ണായിരിക്കും. മറിച്ച് Y ലിംഗ ക്രോമൊസോമുള്ള പുരുഷ ബീജമാണ് സ്ത്രീയുടെ അണ്ഡവുമായി ചേരുന്നതെങ്കിൽ XY ലിംഗ ക്രോമൊസോം ചേരുവയുള്ള സിക്താണ്ഡമായിരിക്കും ഉണ്ടാകുക. അതിൽ നിന്ന് ജനിക്കുന്ന കുഞ്ഞ് ആണായിരിക്കും. അതായത് ആണിനെയും പെണ്ണിനെയും തീരുമാനിക്കുന്നത് പുരുഷ ബീജമാണെന്ന് സാരം. മേൽ ഉദ്ധരിച്ച 42:49–50 വചനങ്ങളിലെ സന്ദേശം ശാസ്ത്രീയമായി സ്ഥിരീകരിക്കാനും ഈ വിവരങ്ങൾ പര്യാപ്തമാണ്. അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവൻ പെൺമക്കളെ പ്രദാനം ചെയ്യുന്നു, അവൻ ഉദ്ദേശിക്കുന്നവർക്ക് ആൺമക്കളെ പ്രദാനം ചെയ്യുന്നു, അവൻ ഉദ്ദേശിക്കുന്നവരെ അവൻ വന്ധ്യരാക്കുന്നു എന്നൊക്കെയുള്ള സന്ദേശങ്ങൾ സൂചിപ്പിക്കുന്നത് അല്ലാഹുവിന്റെ പ്രോഗ്രാം അനുസരിച്ചുള്ള പ്രവർത്തനഫലങ്ങളെയാണ്. അങ്ങനെയാണ് ആ സന്ദേശങ്ങളെ മനസ്സിലാക്കേണ്ടത്.

മനുഷ്യവർഗത്തിൽ ജൈവവൈവിധ്യം സൃഷ്ടിക്കാനാവശ്യമായ ജൈവവിവരത്തിന്റെ സ്രോതസ്സ് ഏതാണെന്ന് ശാസ്ത്രത്തിൽ കണ്ടുപിടിക്കപ്പെട്ടിട്ടില്ല. അത് ആദമിന്റെ നഫ്സ് (ബയോസ്ഫ്റ്റ്‌വെയർ) ആണെന്ന് ഖുർആനിലൂടെയാണ് അല്ലാഹു നമുക്ക് വെളിപ്പെടുത്തിത്തരുന്നത്.

**മനുഷ്യ മനസ്സും മെമറിയും**

സ്വതന്ത്രേച്ഛയും (freewill), ബുദ്ധിയും (intelligence), ബോധ (consciousness)വുമുള്ള ഭൂമിയിലെ ഒരേയൊരു ജീവിയാണ് മനുഷ്യൻ. മനുഷ്യനു മാത്രം അവകാശപ്പെടാവുന്ന സവിശേഷതകളാണവ. മനുഷ്യറൊബോട്ട് രണ്ടുവിധത്തിലുള്ള – ബോധത്തോടെയുള്ളതും ബോധത്തോടെയല്ലാത്തതുമായ – പ്രവർത്തനങ്ങൾ നിർവഹിക്കുന്ന ജൈവവ്യവസ്ഥയാണ്. എന്നാൽ മൃഗങ്ങളടക്കമുള്ള മറ്റു ജീവിവർഗങ്ങൾ അബോധാവസ്ഥയിൽ മാത്രം പ്രവർത്തിക്കുന്ന ജൈവവ്യവസ്ഥകളാണ്. കമ്പ്യൂട്ടർ മാതൃകയുടെ അടിസ്ഥാനത്തിൽ ഒരു മൃഗത്തെ ബോധമില്ലാത്ത പ്രോസസ്സറിന്റെ സഹായത്താൽ പ്രവർത്തിക്കുന്ന യന്ത്രത്തോട് തുലനം ചെയ്യാവുന്നതാണ് (ചിത്രം 1). മനുഷ്യനിർമിത റൊബോട്ട് ഇതിനുദാഹരണമാണ്. പക്ഷേ മനുഷ്യ ജൈവവ്യവസ്ഥയോട് താരതമ്യം ചെയ്യാവുന്ന കൃത്രിമപ്പതിപ്പ് ഇതുവരെ ഉണ്ടായിട്ടില്ല. മനുഷ്യബയോസിസ്റ്റത്തിൽ ജീവൻ നിലനിർത്തുന്ന ആന്തരിക പ്രവർത്തനങ്ങളെല്ലാം അബോധാവസ്ഥയിലാണ് നടക്കുന്നത്. അതായത്, മൃഗ ജൈവവ്യവസ്ഥയിലെന്നപോലെ അബോധാവസ്ഥയിൽ പ്രവർത്തിക്കുന്ന ഒരു പ്രോസസ്സറാണ് ഇത്തരം പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതെന്ന് വിവക്ഷ. ഇഷ്ടാനുസാരം ബോധപൂർവ്വം ചെയ്യുന്ന പ്രവർത്തനങ്ങൾ മനസ്സെന്ന് വിളിക്കപ്പെടുന്ന ബോധമുള്ള, ബുദ്ധിയുള്ള, തീരുമാനസ്വാതന്ത്ര്യമുള്ള പ്രോസസ്സറാണ് നിയന്ത്രിക്കുന്നതെന്ന് മനസ്സിലാക്കാം. ഈ പ്രോസസ്സറെയാണ് ഖുർആനിൽ ഖൽബെന്ന് പറയുന്നത്. മനുഷ്യ മനസ്സ് വിവരങ്ങൾ പ്രോസസ്സ് ചെയ്യുന്ന (അതായത് ചിന്തിക്കുന്ന, വിശകലനം ചെയ്യുന്ന), മനസ്സിലാക്കുന്ന, പഠിക്കുന്ന ഒരു അവയവമാണ്. ഇവയെല്ലാം ബോധം അനുഭവപ്പെടുന്ന പ്രക്രിയകളാണ്. ഖുർആൻ പറയുന്നത് കാണുക:

أَفَلَمْ يَسِيرُوا فِي الْأَرْضِ فَتَكُونَ لَهُمْ قُلُوبٌ يَعْقِلُونَ بِهَا أَوْ آذَانٌ يَسْمَعُونَ بِهَا ۖ فَإِنَّهَا لَا تَعْمَى الْأَبْصَارُ وَلَٰكِنْ تَعْمَى الْقُلُوبُ الَّتِي فِي الصُّدُورِ

22:46 ഇവർ ഭൂമിയിലൂടെ സഞ്ചരിക്കുന്നില്ലേ? എങ്കിൽ ചിന്തിച്ചു മനസ്സിലാക്കാനുതകുന്ന മനസ്സോ, കേട്ടറിയാനുതകുന്ന കാതുകളോ അവർക്കുണ്ടാകുമായിരുന്നു. തീർച്ചയായും കണ്ണുകളെയല്ല അന്ധത ബാധിക്കുന്നത്. പക്ഷെ, മെമറി (സദ്റു)കളിലുള്ള മനസ്സുകളെയാണ് അന്ധത ബാധിക്കുന്നത്.

وَلَقَدْ ذَرَأْنَا لِجَهَنَّمَ كَثِيرًا مِنَ الْجِنِّ وَالْإِنْسِ ۖ لَهُمْ قُلُوبٌ لَا يَفْقَهُونَ بِهَا وَلَهُمْ أَعْيُنٌ لَا يُبْصِرُونَ بِهَا وَلَهُمْ آذَانٌ لَا يَسْمَعُونَ بِهَا ۚ أُولَٰئِكَ كَالْأَنْعَامِ بَلْ هُمْ أَضَلُّ ۚ أُولَٰئِكَ هُمُ الْغَافِلُونَ

7:179 ജിന്നുകളിൽ നിന്നും മനുഷ്യരിൽ നിന്നും ധാരാളം പേരെ നാം നരകത്തിന് വേണ്ടി സൃഷ്ടിച്ചിട്ടുണ്ട്. അവർക്ക് മനസ്സുകളുണ്ട്. അതുപയോഗിച്ച് അവർ കാര്യം ഗ്രഹിക്കുകയില്ല. അവർക്കു കണ്ണുകളുണ്ട്. അതുപയോഗിച്ച് അവർ കണ്ടറിയുകയില്ല. അവർക്ക് കാതുകളുണ്ട്.

അതുപയോഗിച്ച് അവർ കേട്ടു മനസ്സിലാക്കുകയില്ല. അവർ കാലികളെപ്പോലെയാകുന്നു. അല്ല, അവരാണ് കൂടുതൽ പിഴച്ചവർ. അവർ തന്നെയാണ് ശ്രദ്ധയില്ലാത്തവർ.

**മൃഗ ജൈവറൊബോട്ട്**




**മനുഷ്യ റൊബോട്ട്**




ചിത്രം 1. മനുഷ്യ, മൃഗ ജൈവറൊബോട്ടുകളുടെ താരതമ്യം

മനസ്സിന്റെ മറ്റൊരു പ്രധാനപ്പെട്ട സവിശേഷതയാണ് സ്വതന്ത്രേച്ഛ അഥവാ സ്വയം തീരുമാനമെടുത്തു പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം. മനുഷ്യറൊബോട്ട് ബോധത്തോടെ ചെയ്യുന്ന കാര്യങ്ങൾ സ്വന്തം തീരുമാനത്തിന്മേലാണ്. അനേകം സൂക്തങ്ങൾ ഇത് വ്യക്തമാക്കുന്നു.

إِنَّ الَّذِينَ يُلْحِدُونَ فِي آيَاتِنَا لَا يَخْفَوْنَ عَلَيْنَا ۗ أَفَمَنْ يُلْقَىٰ فِي النَّارِ خَيْرٌ أَمْ مَنْ يَأْتِي آمِنًا يَوْمَ الْقِيَامَةِ ۚ اعْمَلُوا مَا شِئْتُمْ ۖ إِنَّهُ بِمَا تَعْمَلُونَ بَصِيرٌ

41:40. നമ്മുടെ വചനങ്ങളുടെ നേരെ വക്രത കാണിക്കുന്നവരാരോ അവർ നമ്മുടെ ദൃഷ്ടിയിൽ നിന്ന് മറഞ്ഞു പോകുകയില്ല; തീർച്ച. അപ്പോൾ നരകത്തിലേക്ക് എറിയപ്പെടുന്നവനാണോ ഉത്തമൻ അതല്ല ഉയിർത്തെഴുന്നേൽപിന്റെ നാളിൽ നിർഭയനായിട്ട് വരുന്നവനോ? നിങ്ങൾ ഉദ്ദേശിച്ചത് നിങ്ങൾ ചെയ്യുക. തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നത് അവൻ (അല്ലാഹു) കണ്ടറിയുന്നുണ്ട്.

إِنَّا هَدَيْنَاهُ السَّبِيلَ إِمَّا شَاكِرًا وَإِمَّا كَفُورًا

76:3 തീർച്ചയായും നാം (അല്ലാഹു) അവന് (മനുഷ്യന്) വഴികാണിച്ചുകൊടുത്തിരിക്കുന്നു. എന്നിട്ട് ഒന്നുകിൽ അവൻ നന്ദിയുള്ളവനാകുന്നു, അല്ലെങ്കിൽ നന്ദികെട്ടവനാകുന്നു.

മനുഷ്യനു മാത്രമാണ് കാഴ്ചയും കേൾവിയും വികാരങ്ങളും (അഫ്ഇദ) അല്ലാഹു നൽകിയിരിക്കുന്നത് (ഖു. 67:23).

قُلْ هُوَ الَّذِي أَنْشَأَكُمْ وَجَعَلَ لَكُمُ السَّمْعَ وَالْأَبْصَارَ وَالْأَفْئِدَةَ ۖ قَلِيلًا مَا تَشْكُرُونَ

67:23 പറയുക: അവനാണ് നിങ്ങളെ സൃഷ്ടിച്ചതും നിങ്ങൾക്ക് കേൾവിയും കാഴ്ചകളും വികാരങ്ങളും ഉണ്ടാക്കിത്തന്നവനും. കുറച്ചു മാത്രമേ നിങ്ങൾ നന്ദികാണിക്കുന്നുള്ളൂ.

'അഫ്ഇദ' (ഏകവചനം 'ഫുആദ') എന്ന അറബിപദത്തിനു പരിഭാഷകർ സാധാരണ 'ഹൃദയങ്ങൾ' എന്നാണ് അർത്ഥം നൽകുന്നത്. മനസ്സിന്റെ പല വികാരങ്ങളെയും, സ്വത്വബോധത്തേയും (അതായത് 'ഞാൻ' എന്ന ആത്മബോധം) കുറിക്കുന്ന പദമായാണ് 'അഫ്ഇദ'യെ ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. മൃഗങ്ങൾക്ക് മനുഷ്യനെപ്പോലെ ചിന്തിക്കുവാനുള്ള കഴിവോ, കാണുവാനും കേൾക്കുവാനുമുള്ള കഴിവുകളോ ഇല്ലെന്ന് ഖുർആൻ പറയുന്നു:

أَمْ تَحْسَبُ أَنَّ أَكْثَرَهُمْ يَسْمَعُونَ أَوْ يَعْقِلُونَ ۚ إِنْ هُمْ إِلَّا كَالْأَنْعَامِ ۖ بَلْ هُمْ أَضَلُّ سَبِيلًا

25:44 അതല്ല, അവരിൽ അധികംപേരും കേൾക്കുകയോ, ചിന്തിക്കുകയോ ചെയ്യും എന്ന് നീ (മുഹമ്മദ് നബി) കരുതുന്നുണ്ടോ? അവർ കന്നുകാലികളെപോലെയാകുന്നു. അല്ല, അവരാകുന്നു കൂടുതൽ വഴിപിഴച്ചവർ.

ഈ സൂക്തത്തിൽ നിന്നും അതിനു മുകളിൽ ഉദ്ധരിച്ച 7:179 സൂക്തത്തിൽ നിന്നും മനസ്സിലാകുന്നത് മനസ്സ് (ഖൽബ്) ആണ് മനുഷ്യന് ബോധത്തോടുകൂടിയുള്ള അനുഭവം ഉണ്ടാക്കിത്തരുന്നതെന്നാണ്. മൃഗങ്ങൾക്ക് മനസ്സ് ഇല്ലാത്തതിനാൽ അവക്ക് ബോധമോ, വികാരമോ, ചിന്തിക്കാനുള്ള കഴിവോ, മനുഷ്യൻ അവന്റെ ചുറ്റുമുള്ള ലോകത്തെ കാണുംവിധം കാണുവാനോ, കേൾക്കും വിധം കേൾക്കുവാനോ കഴിയുന്നില്ല എന്നാണ്. അവയ്ക്ക് കണ്ണുണ്ടെങ്കിലും കാണുന്നില്ല, കാതുണ്ടെങ്കിലും കേൾക്കുന്നില്ല എന്ന് ഖുർആൻ പറഞ്ഞതിന്റെ സാരം ഇതാണ്. അതായത്, തന്റെ ചുറ്റിലുമുള്ളവയെക്കുറിച്ച് മനുഷ്യനിലുണ്ടാകുന്നത് പോലുള്ള ബോധപൂർവ്വമായ അനുഭവവും അതനുസരിച്ചുള്ള ഗ്രാഹ്യതയും വീക്ഷണവും മൃഗത്തിനുണ്ടാകുന്നില്ല. മനുഷ്യനിർമ്മിത റൊബോട്ടിന് കണ്ണുണ്ടെങ്കിലും 'ഞാൻ കാണുന്നു' എന്ന തോന്നലോടുകൂടി കാണുന്നില്ല, അതുപോലെ അതിന് ചെവിയുണ്ടെങ്കിലും 'ഞാൻ കേൾക്കുന്നു' എന്ന അനുഭവത്തോടുകൂടി കേൾക്കുന്നില്ല. ചുറ്റുമുള്ള പരിസരത്തുനിന്നും വരുന്ന സിഗ്നലുകൾ അതിന്റെ സോഫ്റ്റ്‌വെയറനുസരിച്ചു പ്രോസസ്സ് ചെയ്തു അബോധാവസ്ഥയിൽ അത് പ്രവർത്തിക്കുന്നു പ്രതികരിക്കുന്നു. ഇതാണ് മൃഗങ്ങളുടെയും അവസ്ഥ. ഒന്നുരണ്ടു ഉദാഹരണങ്ങളിലൂടെ ഈ വസ്തുത ഇവിടെ വിശദീകരിക്കാം.

മനുഷ്യനെ സംബന്ധിച്ചേടത്തോളം കാഴ്ച, കേൾവി, സ്പർശം, രുചി, മണം എന്നിവയിൽ കലാശിക്കുന്നത് ബോധപൂർവ്വമുള്ള അവബോധമത്രെ. പ്രപഞ്ചത്തിന് സ്വന്തമായി ശബ്ദം, മണം, നിറം എന്നിങ്ങനെയുള്ള വിശേഷതകളൊന്നുംതന്നെ ഇല്ല. പ്രപഞ്ചത്തിൽ നിന്നുള്ള സിഗ്നലുകൾ മനുഷ്യനിലേക്ക് പ്രവേശിച്ചാൽ അവ മനുഷ്യനിലുള്ള ബയോസോഫ്റ്റ്‌വെയറിലെ നിർദ്ദേശങ്ങളനുസരിച്ച് മനസ്സ് എന്ന പ്രോസസ്സർ അവയെ എങ്ങനെ രൂപാന്തരപ്പെടുത്തുന്നുവോ അതാണ് മനുഷ്യന് ബോധ്യമാകുന്ന പ്രപഞ്ചത്തിന്റെ രൂപവും ഭാവവും സ്വഭാവവുമെല്ലാം. അങ്ങനെ മനസ്സ് സൃഷ്ടിക്കുന്ന പ്രപഞ്ചമാണ് മനസ്സ് തന്നെ അനുഭവിക്കുന്നതും, ആസ്വദിക്കുന്നതും, വിവരിക്കുന്നതും, രൂപം കൊടുക്കുന്നതും, ശാസ്ത്രീയമായി വിശകലനം ചെയ്യുന്നതും, എല്ലാം എല്ലാം. പ്രപഞ്ചത്തിന് നിറം എങ്ങനെ മനുഷ്യൻ കൽപിക്കുന്നുവെന്ന് നോക്കാം. മനുഷ്യൻ ചുവപ്പായി കാണുന്ന ഒരു വസ്തുവിനെ ഉദാഹരണമായെടുക്കാം. ഈ വസ്തു പുറത്തുവിടുന്ന പ്രകാശതരംഗങ്ങൾ ഏതാണ്ട് 600 നാനോമീറ്റർ നീളമുള്ളതാണ്. ഈ തരംഗങ്ങൾ കണ്ണുകളിലൂടെ മനസ്സ് എന്ന പ്രോസസ്സറിലെത്തുമ്പോൾ ആ സിഗ്നലിലുള്ള ദൈവിക വിവരത്തെ മനുഷ്യന്റെ ബയോസോഫ്റ്റ്‌വെയർ അനുസരിച്ചുള്ള പ്രകൃതിയിലേക്ക് മാറ്റുന്നു. അങ്ങനെ സൃഷ്ടിക്കപ്പെട്ട നിറമാണ് ആ വസ്തുവിന് മനുഷ്യൻ കൽപിക്കുന്നത്. ആ വസ്തു മനുഷ്യന് ചുവപ്പായി കാണുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, മനുഷ്യ ബയോസോഫ്റ്റ്‌വെയർ ആ സിഗ്നലിനു നീലനിറമാണ് നിർണ്ണയിക്കുന്നതെങ്കിൽ മനസ്സ് ആ നിറമായിരിക്കും അതിനു നൽകുക. അതായത് പ്രപഞ്ചത്തിന്റെ പ്രകൃതിയും രൂപവും എല്ലാം തന്നെ മനുഷ്യന്റെ ബയോസോഫ്റ്റ്‌വെയർ അനുസരിച്ച് മനസ്സ് സൃഷ്ടിക്കുന്നതിനനുസൃതമായിരിക്കും. അതിനാൽ ഈ പ്രപഞ്ചത്തിന് സ്വന്തമായ രൂപമോ, ഭാവമോ ഒന്നും ഇല്ല. പ്രപഞ്ചമെന്നത് ഊർജ്ജമെന്ന ദൈവിക നിർദ്ദേശങ്ങളുടെയും സന്ദേശങ്ങളുടെയും സമാഹാരം മാത്രം.

മൃഗങ്ങൾക്കും മറ്റു ജീവികൾക്കും മനസ്സ് എന്ന പ്രോസസ്സർ ഇല്ലാത്തതുകൊണ്ട് അവ അബോധാവസ്ഥയിലാണ് ജീവിക്കുന്നത്. മനുഷ്യ നിർമ്മിത റൊബോട്ട് പോലെ അവ ചലിക്കുന്നു, പ്രവർത്തിക്കുന്നു. ഒന്നും അറിയുന്നില്ല, അനുഭവിക്കുന്നില്ല. പ്രപഞ്ചത്തിൽ നിന്നുത്ഭവിക്കുന്ന സിഗ്നലുകളെ ബയോസോഫ്റ്റ്വെയർ അനുസരിച്ചു അവയുടെ പ്രോസസ്സർ വിവർത്തനം ചെയ്ത വിധത്തിൽ അവ അബോധാവസ്ഥയിൽ പ്രതികരിക്കുന്നു.

മനുഷ്യന് 'ഞാൻ' എന്ന ബോധവും ഭാവവും ഉണ്ട്. അങ്ങനെയൊരു വികാരം മറ്റു ജീവികൾക്കില്ല. അവ ഒന്നും അനുഭവിക്കുന്നില്ല മനുഷ്യൻ അനുഭവിക്കുന്നതുപോലെ. വേദനപോലും അവക്കില്ലെന്നു പറയുമ്പോൾ പല സംശയങ്ങളും ചോദ്യങ്ങളും ഉയർന്നേക്കാം. മൃഗങ്ങൾ വേദനയും മറ്റു പല വികാരങ്ങളും പ്രകടിപ്പിക്കുന്നുണ്ടല്ലോ എന്ന് ചോദിച്ചേക്കാം. ആ ഭാവപ്രകടനങ്ങളെല്ലാം ബാഹ്യപ്രകടനങ്ങൾ മാത്രമാണ്. അതായത്, ആന്തരീകമായി അനുഭവിക്കാത്തവ. മനുഷ്യൻ നിർമ്മിക്കുന്ന റൊബോട്ടുകൾക്കും ഇങ്ങനെയുള്ള ബാഹ്യപ്രകടനങ്ങൾ കാണിക്കാൻ കഴിവുകൊടുക്കാവുന്നതാണ്. 'വികാര പ്രകടനങ്ങൾ' എന്ന് തോന്നിപ്പിക്കുന്ന ഭാവങ്ങൾ പുറത്തു കാട്ടുന്ന റൊബോട്ടുകൾ ഇതിനകം നിർമ്മിക്കപ്പെട്ടിട്ടുണ്ട്. മറ്റു ജീവികൾ കാണിക്കുന്ന ബാഹ്യ പ്രകടനങ്ങൾ ആന്തരികവികാരത്തിന്റെയും ബോധപൂർവ്വമുള്ള അനുഭവത്തിന്റെയും പ്രതിഫലനമാണെന്ന് നമുക്ക് തോന്നിയേക്കാം. നമ്മുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ അതിനെ വിശകലനം ചെയ്യുന്നതുകൊണ്ടാണ് അങ്ങനെ തോന്നുന്നത്. ഒരു മൃഗം മർദ്ദിക്കപ്പെടുമ്പോൾ ആന്തരീകമായി വേദന അനുഭവപ്പെടുന്നില്ല. മർദ്ദനത്തിൽ നിന്നും ഉത്ഭവിക്കുന്ന സിഗ്നലുകൾ ചില ബാഹ്യഭാവങ്ങൾ പ്രദർശിപ്പിക്കുവാനെ വ്യവസ്ഥയുള്ളൂ. എന്നാൽ ആ സ്ഥിതിയിൽ മനുഷ്യൻ ബാഹ്യപ്രകടനങ്ങൾ കൂടാതെ വേദനയും അനുഭവിക്കുന്നു. ഖുർആനിലെ 67:23; 7:179; 25:44 എന്നീ സൂക്തങ്ങൾ വെളിപ്പെടുത്തുന്ന മൃഗങ്ങൾക്കു നൽകിയിട്ടില്ലാത്ത, മനുഷ്യനു മാത്രം നൽകപ്പെട്ട സവിശേഷതകളെല്ലാംതന്നെ മനസ്സിന്റെ സവിശേഷതകളാണെന്നു കമ്പ്യൂട്ടർ മാതൃകയുടെ വെളിച്ചത്തിൽ വിശദീകരിക്കാവുന്നതാണ്. മറ്റെല്ലാ ജീവികളെയും മനുഷ്യാവശ്യങ്ങൾക്കായി കൊല്ലാനുള്ള അനുവാദം നീതിമാനും കാരുണ്യവാനുമായ അല്ലാഹു കൊടുക്കുമ്പോൾ അവയെ സൃഷ്ടിച്ചത് വേദന അനുഭവപ്പെടുന്നവയായിട്ടായിരിക്കില്ലല്ലോ. കൂടാതെ ജീവികൾ തന്നെ പരസ്പരം ഭക്ഷണമായിട്ടാണ് പ്രകൃതിയിൽ ആസൂത്രണം ചെയ്തിരിക്കപ്പെട്ടിരിക്കുന്നതെന്നും നമുക്ക് കാണാവുന്നതാണ്. അവ വേദനയും വികാരവും ബോധവുമില്ലാത്ത ജന്തുക്കളാണെന്നു സ്പഷ്ടം.

ഖുർആനിൽ പ്രതിപാദിക്കുന്ന 'സദ്ർ' എന്ന പദം എന്തിനെയാണ് സൂചിപ്പിക്കുന്നതെന്നും കമ്പ്യൂട്ടർ മാതൃകയുടെ വെളിച്ചത്തിൽ മനസ്സിലാക്കാവുന്നതാണ്. ഇഹലോക പരീക്ഷണ ജീവിതത്തിൽ ഓരോ വ്യക്തിയും ബോധപൂർവ്വം (അതായത് മനസ്സിന്റെ നിർദ്ദേശത്തോടെ) ചെയ്യുന്ന ഓരോ കാര്യവും – അത് തീരുമാനം മാത്രമോ, പ്രവർത്തനമോ ആകട്ടെ – തത്സമയം രേഖപ്പെടുത്തപ്പെടുന്നുണ്ടെന്ന് ഖുർആൻ വെളിപ്പെടുത്തുന്നു.

إِنَّا نَحْنُ نُحْيِي الْمَوْتَىٰ وَنَكْتُبُ مَا قَدَّمُوا وَآثَارَهُمْ ۚ وَكُلَّ شَيْءٍ أَحْصَيْنَاهُ فِي إِمَامٍ مُبِينٍ

36:12 തീർച്ചയായും നാം തന്നെയാണ് മരിച്ചവരെ ജീവിപ്പിക്കുന്നത്. അവർ ചെയ്തു വെച്ചതും അവരുടെ (പ്രവർത്തനങ്ങളുടെ) അനന്തരഫലങ്ങളും നാം എഴുതിവെക്കുകയും ചെയ്യുന്നു. എല്ലാകാര്യങ്ങളും വ്യക്തമായ ഒരു രേഖയിൽ നാം നിജപ്പെടുത്തി വെച്ചിരിക്കുന്നു.

وَكُلُّ شَيْءٍ فَعَلُوهُ فِي الزُّبُرِ وَكُلُّ صَغِيرٍ وَكَبِيرٍ مُسْتَطَرٌ

54:52–53 അവർ പ്രവർത്തിച്ച ഏത് കാര്യവും രേഖകളിലുണ്ട്. ഏത് ചെറിയകാര്യവും വലിയ കാര്യവും രേഖപ്പെടുത്തി വെക്കപ്പെടുന്നതാണ്.

ആ വിവരങ്ങളെല്ലാം തത്സമയം രേഖപ്പെടുത്തി സൂക്ഷിച്ചുവെക്കുന്ന മെമറിയാണ് സദ്ർ. അതായത് ഒരാളുടെ ജീവിതത്തിൽ ബോധത്തോടെ ചെയ്യുന്ന എല്ലാ കാര്യങ്ങളുടെയും രേഖയായിരിക്കും സദ്റിലുള്ള വിവരങ്ങൾ. സദ്റിനെ അക്കാരണത്താൽ മനുഷ്യ മെമറിയെന്നു വിളിക്കാം.

മനുഷ്യമനസ്സി (ഖൽബ്)ലുള്ളതും (ഖു. 4:63), മെമറി (സദ്ർ)യി ലുള്ളതും മറച്ചുവെച്ചാലും വെളിപ്പെടുത്തിയാലും അല്ലാഹു അറിയുന്നതാണ് (ഖു. 3:29).

أُولَٰئِكَ الَّذِينَ يَعْلَمُ اللَّهُ مَا فِي قُلُوبِهِمْ فَأَعْرِضْ عَنْهُمْ وَعِظْهُمْ وَقُلْ لَهُمْ فِي أَنْفُسِهِمْ قَوْلًا بَلِيغًا

4:63 അത്തരക്കാരുടെ മനസ്സുകളിൽ (ഖൽബ്) എന്താണുള്ളതെന്ന് അല്ലാഹുവിന്നറിയാം. ആകയാൽ (നബിയേ,) അവരെ വിട്ട് തിരിഞ്ഞുകളയുക. അവർക്ക് സദുപദേശം നൽകുകയും, അവരുടെ മനസ്സിൽ തട്ടുന്ന വാക്ക് അവരോട് പറയുകയും ചെയ്യുക.

قُلْ إِنْ تُخْفُوا مَا فِي صُدُورِكُمْ أَوْ تُبْدُوهُ يَعْلَمْهُ اللَّهُ ۗ وَيَعْلَمُ مَا فِي السَّمَاوَاتِ وَمَا فِي الْأَرْضِ ۗ وَاللَّهُ عَلَىٰ كُلِّ شَيْءٍ قَدِيرٌ

3:29 (നബിയേ,) പറയുക: നിങ്ങളുടെ മെമറി (സദ്ർ)കളിലുള്ളത് നിങ്ങൾ മറച്ചു വെച്ചാലും വെളിപ്പെടുത്തിയാലും അല്ലാഹു അറിയുന്നതാണ്. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അവനറിയുന്നു. അല്ലാഹു ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു.

**വിവരങ്ങൾ മെമറിയിൽ തത്സമയം രേഖപ്പെടുത്താനുള്ള സംവിധാനം**

മനസ്സിന്റെ അറിവോടെ (അതായത്, ബോധത്തോടെ) ചെയ്യുന്ന കാര്യങ്ങളെല്ലാം മെമറിയിൽ തത്സമയം രേഖപ്പെടുത്തിവെക്കാനുള്ള സംവിധാനം മനുഷ്യശരീരത്തിലുണ്ട്. അതുകൊണ്ടാണല്ലോ ചെയ്ത കാര്യങ്ങൾ ഓർമ്മിക്കാൻ (അതായത്, മെമറിയിൽനിന്ന് ആ വിവരത്തെ വീണ്ടെടുക്കാൻ - information retrieval) നമുക്ക് സാധിക്കുന്നത്. ആ സംവിധാനത്തെ സംബന്ധിച്ച് ഖുർആൻ നൽകുന്ന സൂചനകളെ കമ്പ്യൂട്ടർ മാതൃകയുടെ അടിസ്ഥാനത്തിൽ വിശദീകരിക്കാനാവുന്നാണ്.

إِذْ يَتَلَقَّى الْمُتَلَقِّيَانِ عَنِ الْيَمِينِ وَعَنِ الشِّمَالِ قَعِيدٌ مَا يَلْفِظُ مِنْ قَوْلٍ إِلَّا لَدَيْهِ رَقِيبٌ عَتِيدٌ

50:17-18 വലതുഭാഗത്തും ഇടതുഭാഗത്തും ഇരുന്നുകൊണ്ട് ഏറ്റുവാങ്ങുന്ന രണ്ടുപേർ ഏറ്റുവാങ്ങുന്ന സന്ദർഭം. അവൻ ഏതൊരു വാക്ക് ഉച്ചരിക്കുമ്പോഴും അവന്റെ അടുത്ത് തയ്യാറായി നിൽക്കുന്ന നിരീക്ഷകൻ ഉണ്ടാവാതിരിക്കുകയില്ല.

وَإِنَّ عَلَيْكُمْ لَحَافِظِينَ كِرَامًا كَاتِبِينَ يَعْلَمُونَ مَا تَفْعَلُونَ

82:10-12 തീർച്ചയായും നിങ്ങളുടെ മേൽ ചില മേൽനോട്ടക്കാരുണ്ട്. രേഖപ്പെടുത്തിവെക്കുന്ന ചില മാന്യൻമാർ. നിങ്ങൾ പ്രവർത്തിക്കുന്നത് അവർ അറിയുന്നു.

ഈ സൂക്തങ്ങളിൽ പരാമർശിക്കപ്പെട്ട ‘‘രേഖപ്പെടുത്തുന്നവർ’’ മലക്കുകളാണെന്നാണ് പൊതുവെയുള്ള ധാരണ. അത് ശരിയല്ല. നമ്മുടെ ശരീരത്തിൽതന്നെ നടക്കുന്ന ഒരു പ്രക്രിയയെയാണ് ഇതിൽ പ്രതിപാദിച്ചിരിക്കുന്നത്. മലക്കുകൾ ശരീരത്തിൽ ഇല്ലല്ലോ. മനസ്സിന്റെ തീരുമാനപ്രകാരം (അതായത്, ബോധപൂർവം) ചെയ്യുന്ന പ്രവർത്തനങ്ങൾ രേഖപ്പെടുത്താനുള്ള മസ്തിഷ്കത്തിലുള്ള രണ്ട് പ്രോഗ്രാമുകളെയാണ് ഈ വചനങ്ങളിൽ സൂചിപ്പിച്ചിരിക്കുന്നതെന്ന് അനുമാനിക്കാനാവുന്നതാണ്. മസ്തിഷ്കത്തെ രണ്ട് അർദ്ധഗോളങ്ങളായാണ് (hemispheres) സംവിധാനിച്ചിരിക്കുന്നത്. ഇടത്തെ അർദ്ധഗോളവും വലത്തെ അർദ്ധഗോളവുമാണവ. അവ രണ്ടും മധ്യത്തിൽ ബന്ധിപ്പിച്ചിരിക്കുന്നു. ഇടത്തെ അർദ്ധഗോളം ശരീരത്തിന്റെ വലതുഭാഗത്തെ പ്രവർത്തനങ്ങളെയും, വലത്തെ അർദ്ധഗോളം ശരീരത്തിന്റെ ഇടതുഭാഗത്തെ പ്രവർത്തനങ്ങളെയുമാണ് നിയന്ത്രിക്കുന്നത്. അപ്പോൾ ഇരുവശങ്ങളിലും നടക്കുന്ന പ്രവർത്തനങ്ങളെ സദ്റിൽ (മെമറിയിൽ) രേഖപ്പെടുത്താനാവശ്യമായ രണ്ട് പ്രത്യേക പ്രോഗ്രാമുകളാണ് ഖുർആൻ വെളിപ്പെടുത്തുന്ന ‘‘വലതുഭാഗത്തും ഇടതുഭാഗത്തും ഇരുന്നുകൊണ്ട് ഏറ്റുവാങ്ങുന്ന രണ്ടുപേർ’’ എന്ന് മനസ്സിലാക്കാം.

**ഒരു വ്യക്തിയുടെ പരീക്ഷണ ജീവിതത്തിലെ കർമ്മരേഖ**

മെമറിയിൽ രേഖപ്പെടുത്തി സൂക്ഷിച്ചുവെക്കപ്പെട്ട വിവരങ്ങൾ വീണ്ടെടുത്താൽ ഒരു വ്യക്തിയുടെ ജീവിതത്തിൽ ബോധപൂർവ്വം (അതായത് മനസ്സറിഞ്ഞു) ചെയ്ത കർമ്മങ്ങളുടെ സമ്പൂർണ്ണ രേഖയായിരിക്കും ലഭിക്കുക. മരണസമയത്ത് മലക്കുകൾ ഒരു വ്യക്തിയുടെ ബയോസോഫ്റ്റ്വെയർ (നഫ്സ്) നീക്കുമ്പോൾ അയാളുടെ മെമറിയിൽ ശേഖരിക്കപ്പെട്ട വിവരങ്ങളും വീണ്ടെടുക്കുന്നുണ്ടെന്ന് വേണം കരുതാൻ. കാരണം വിധിനാളിൽ അല്ലാഹു ഓരോ വ്യക്തിയുടെയും മെമറിയിലുള്ള (സദ്റിലെ) രേഖ പുറത്ത് കൊണ്ടുവരുന്നതാണെന്നും, അയാൾ അത് വായിച്ചുനോക്കുമെന്നും ഖുർആൻ വെളിപ്പെടുത്തുന്നു.

إِنَّ الْإِنْسَانَ لِرَبِّهِ لَكَنُودٌ وَإِنَّهُ عَلَىٰ ذَٰلِكَ لَشَهِيدٌ وَإِنَّهُ لِحُبِّ الْخَيْرِ لَشَدِيدٌ أَفَلَا يَعْلَمُ إِذَا بُعْثِرَ مَا فِي الْقُبُورِ وَحُصِّلَ مَا فِي الصُّدُورِ إِنَّ رَبَّهُمْ بِهِمْ يَوْمَئِذٍ لَخَبِيرٌ

100:6-11 തീർച്ചയായും മനുഷ്യൻ തന്റെ രക്ഷിതാവിനോട് നന്ദികെട്ടവൻ തന്നെയാണ്. തീർച്ചയായും അവൻ അതിന് സാക്ഷ്യം വഹിക്കുന്നവനുമാകുന്നു. തീർച്ചയായും അവൻ ധനത്തോടുള്ള സ്നേഹം കഠിനമായവനുമാകുന്നു. എന്നാൽ അവൻ അറിയുന്നില്ലേ, ഖബ്റുകളിലുള്ളത് പുറത്ത് കൊണ്ടുവരപ്പെടുകയും മെമറി (സദ്ർ)യിലുള്ളത് വെളിക്ക് കൊണ്ടുവരപ്പെടു

കയും ചെയ്താൽ, തീർച്ചയായും അവരുടെ രക്ഷിതാവ് അന്നേ ദിവസം അവരെപ്പറ്റി സൂക്ഷമ മായി അറിയുന്നവൻ തന്നെയാകുന്നു.

**മനസ്സും (ഖൽബ്) മെമറി (സദ്ർ)യും സ്ഥിതിചെയ്യുന്ന ശരീരഭാഗം**

മനുഷ്യശരീരത്തിൽ എവിടെയാണ് ''മനസ്സ്'' (ഖൽബ്) എന്ന പ്രോസസ്സറും, മെമറി (സദ്ർ)യും സ്ഥിതിചെയ്യുന്നതെന്ന് ഖുർആൻ ഏകദേശ സൂചനയും നൽകുന്നുണ്ട്. മനസ്സ് (ഖൽബ്) സ്ഥിതിചെയ്യുന്നത് മെമറിയി (സദ്ർ) ലാണ് (മേൽ ഉദ്ധരിച്ച സൂക്തം 22:46 കാണുക). അതായത് മെമറി കോശങ്ങൾക്കിടയിലാണ് മനസ്സ് എന്നു വിശേഷിപ്പിക്കാവുന്ന കോശങ്ങളും സ്ഥിതിചെയ്യുന്നത്. അപ്പോൾ ഇതിലേതെങ്കിലും ഒന്നിന്റെ സ്ഥാനം മനസ്സിലായാൽ മറ്റെ തിന്റെ സ്ഥാനവും അറിയാനാകും.

وَكُلَّ إِنسَانٍ أَلْزَمْنَاهُ طَائِرَهُ فِي عُنُقِهِ ۖ وَنُخْرِجُ لَهُ يَوْمَ الْقِيَامَةِ كِتَابًا يَلْقَاهُ مَنشُورًا اقْرَأْ كِتَابَكَ كَفَىٰ بِنَفْسِكَ الْيَوْمَ عَلَيْكَ حَسِيبًا

17:13–14 ഓരോ മനുഷ്യന്നും അവന്റെ ഭാഗധേയം അവന്റെ കഴുത്തിൽ തന്നെ നാം ബന്ധിച്ചിരിക്കുന്നു. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ ഒരു ഗ്രന്ഥം നാമവന്ന് വേണ്ടി പുറത്തെടുക്കുന്നതാണ്. അത് നിവർത്തിവെക്കപ്പെട്ടതായി അവൻ കണ്ടെത്തും. നീ നിന്റെ ഗ്രന്ഥം വായിച്ചുനോക്കുക. നിന്നെ സംബന്ധിച്ചേടത്തോളം കണക്ക് നോക്കാൻ ഇന്ന് നീ തന്നെ മതി (എന്ന് അവനോട് അന്ന് പറയപ്പെടും).

മേൽ സൂക്തങ്ങളിൽ സൂചിപ്പിക്കുന്ന 'ഭാഗധേയം' ഒരാളുടെ മെമറിയിൽ (സദ്ർ) നിന്നെടുക്കുന്ന വിവരശേഖരമാണെന്ന് മനസ്സിലാക്കാം. അതിനെയാണ് ഗ്രന്ഥമെന്ന് വിശേഷിപ്പിച്ചത്. അതാ യത് ഒരാളുടെ പരീക്ഷണ ജീവിതത്തിന്റെ വിജയവും പരാജയവും തീരുമാനിക്കപ്പെടുന്നതിന് ആധാരമായ ഗ്രന്ഥം. ഈ ഗ്രന്ഥം കഴുത്തിലാണ് സ്ഥിതിചെയ്യുന്നതെന്ന് പറയുമ്പോൾ അത് മെമറിയുടെ സ്ഥാനത്തെയാണ് സൂചിപ്പിക്കുന്നത്. കഴുത്ത് എന്നത് കൊണ്ട് ഇവിടെ വിവക്ഷി ക്കുന്നത് കഴുത്തിനോടടുത്ത മസ്തിഷ്കഭാഗമാണെങ്കിൽ, ആ ഭാഗം സെറിബെല്ലം (cerebellum) ആവാനാണ് സാധ്യത (ചിത്രം 2).




ചിത്രം 2. മനസ്സും (ഖൽബ്) മെമറി (സദ്ർ)യും സ്ഥിതിചെയ്യുന്നുവെന്നു കരുതാവുന്ന മസ്തിഷ്കത്തിന്റെ ഭാഗ മായ സെറിബെല്ലം

മനസ്സ് (ഖൽബ്) സ്ഥിതിചെയ്യുന്നത് മെമറിയി (സദ്ർ)ലായതുകൊണ്ട് (ഖു. 22:46), സെറി ബെല്ലത്തിൽ തന്നെയാവാം മനസ്സിന്റെ കോശങ്ങളും സ്ഥിതിചെയ്യുന്നത്. അങ്ങനെ നോക്കു മ്പോൾ സെറിബെല്ലം എന്ന മസ്തിഷ്കഭാഗം, വിവരം പ്രോസസ്സ് ചെയ്യുന്നതിന്റെയും വിനി മയം ചെയ്യുന്നതിന്റെയും സിരാകേന്ദ്രമായിരിക്കണം. കൂടാതെ ബോധത്തോടെ നിർവ്വഹിക്കു

ന്ന പ്രവൃത്തികളുടെ തീരുമാനങ്ങളെടുക്കുന്നതും അവയുടെ ആജ്ഞകളുടെ പ്രഭവസ്ഥാനവും അതായിരിക്കണം. ലഭ്യമായ ശാസ്ത്ര അറിവുകൾ മനസ്സ് സ്ഥിതിചെയ്യുന്നത് സെറിബെല്ലത്തിലാകാമെന്നതിനു ഒട്ടേറെ തെളിവുകൾ തരുന്നു. മസ്തിഷ്കത്തിലുള്ള ന്യൂറോൺസിന്റെ 50%വും അതിന്റെ 10% മാത്രം വലുപ്പമുള്ള സെറിബെല്ലത്തിലാണുള്ളത്. അത് ബോധപൂർവ്വമായ പ്രവർത്തനങ്ങളുടെ (ഉദാ. നടത്തം, സംസാരം, മുതലായവ) മേൽ നോട്ടം വഹിക്കുന്നു. ഇവയൊക്കെ മനസ്സിന്റെ പരിധിയിൽ വരുന്ന പ്രവർത്തനങ്ങളായതുകൊണ്ട് സെറിബെല്ലത്തിലായിരിക്കാം 'മനസ്സ്' എന്ന പ്രോസസ്സർ സ്ഥിതിചെയ്യുന്നതും.

മേൽ വിവരണങ്ങളിൽ നിന്നും വിശദീകരണങ്ങളിൽ നിന്നും മനസ്സിലാകുന്നത് 'മനസ്സ്' മനുഷ്യനുമാത്രം നൽകപ്പെട്ട സവിശേഷതകൾ നിറഞ്ഞ ഒരു അവയവമാണെന്നാണ്. ബോധവും തീരുമാനസ്വാതന്ത്ര്യവുമുള്ള പ്രപഞ്ചത്തിലെ ഏക ഘടകം! ഒരു വ്യക്തിക്ക് അയാളുടെ മനസ്സെന്ന പ്രോസസ്സറാണ് ബോധവും, സ്വതന്ത്രമായി തീരുമാനമെടുക്കുവാനുള്ള കഴിവും, വികാരങ്ങളും, പ്രപഞ്ചത്തെ മനുഷ്യ ബയോസോഫ്റ്റ്വെയറിന്റെ അടിസ്ഥാനത്തിൽ രൂപവും ഭാവവുമുള്ള പ്രതിഭാസമായി മാറ്റാനുള്ള കഴിവും പ്രദാനം ചെയ്യുന്നത്. മനുഷ്യശരീരത്തിൽ ബോധമുള്ള മറ്റൊരു ഭാഗവും ഇല്ല. അല്ലാഹുവിന്റെ ദാസനായി പ്രവർത്തിക്കാൻ സൃഷ്ടിക്കപ്പെട്ട മനുഷ്യബയോസിസ്റ്റത്തിന്റെ പ്രധാന സവിശേഷതകളാണിവ. സ്വതന്ത്രേച്ഛയും ബോധവും നൽകപ്പെട്ട മനുഷ്യറൊബോട്ട് തന്റെ സ്രഷ്ടാവിന് സ്വമേധയാ കീഴ്പ്പെടുന്നുണ്ടോ എന്നാണ് പരീക്ഷിക്കപ്പെടുന്നത്. മറ്റു ജീവികളെയെല്ലാം അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത് പരീക്ഷണകാലത്ത് മനുഷ്യാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുവാനാണ്.